STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.250/PR/SPMC/PHQ/2025 Date: 27.08.2025

# എ.ഡി.ജി.പി മഹിപാൽ യാദവ് അന്തരിച്ചു

മുൻ എക്സൈസ് കമ്മീഷണർ എ.ഡി.ജി.പി മഹിപാൽ യാദവ് അന്തരിച്ചു. ഈ മാസം 30നായിരുന്നു അദ്ദേഹം വിരമിക്കേണ്ടിയിരുന്നത്.

പൊലീസ് ആസ്ഥാനത്ത് സംസ്ഥാന പൊലീസ് മേധാവി റവാഡ എ ചന്ദ്ര ശേഖറിന്റെ അദ്ധ്യക്ഷതയിൽ ഉന്നത പൊലീസുദ്യോഗസ്ഥരുടെ യോഗം ചേർന്ന് ആദരാഞ്ജലികളർപ്പിച്ചു.

എ.ഡി.ജി.പി മഹിപാൽ യാദവ് 1997 ബാച്ച് ഐ.പി.എസ് ഓഫീസറാണ്. വെറ്ററിനറി സയൻസിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷമാണ് മഹിപാൽ യാദവ് സിവിൽ സർവീസിൽ പ്രവേശിച്ചത്.

എ.എസ്.പി ആയി ആദ്യം നിയമിതനായത് ആലപ്പുഴയിലെ കായംകുളത്താണ്. ജോയിൻറ് എസ്.പിയായി തിരുവനന്തപുരം റൂറലിലെ നെയ്യാറ്റിൻകരയിലും ജോലി നോക്കി. തുടർന്ന് എസ്.പി റാങ്കിലേക്ക് പ്രമോട്ട് ചെയ്യപ്പെടുകയും വയനാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ ജില്ലാ പോലീസ് മോധാവി, ക്രൈംബ്രാഞ്ച് ആസ്ഥാനം, വിജിലൻസ് എന്നിവിടങ്ങളിൽ എസ്.പി റാങ്കിലും ജോലി നോക്കിയിട്ടുണ്ട്. തുടർന്ന് ഏഴ് വർഷക്കാലം കേന്ദ്ര ഡെപ്യൂട്ടേഷനിൽ സി.ബി.ഐയിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഡി.ഐ.ജിയായി സി.ബി.ഐയിലും പോലീസ് ആസ്ഥാനം, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് എന്നിവിടങ്ങളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചു.

ഐ.ജിയായി സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, കോസ്റ്റൽ പോലീസ്, കേരള പോലീസ് അക്കാദമി, ക്രൈംബ്രാഞ്ച്, കണ്ണൂർ റെയ്ഞ്ച്,

എന്നിവിടങ്ങളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് മൂന്ന് വർഷക്കാലം കേന്ദ്ര ഡെപ്യൂട്ടേഷനിൽ ബി.എസ്.എഫിലും ജോലി നോക്കി.

എ.ഡി.ജി.പിയായി സ്ഥാനക്കയറ്റം ലഭിച്ച അദ്ദേഹം കേന്ദ്ര ഡെപ്യൂട്ടേഷനിൽ ബി.എസ്.എഫിലും തുടർന്ന് കേരളത്തിൽ എക്സൈസ് കമ്മീഷണറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

2013 ൽ രാഷ്ട്രപതിയുടെ സ്തുത്യർഹ സേവനത്തിനുള്ള പോലീസ് മെഡലും 2024ൽ വിശിഷ്ടസേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.

*************************